തിരുവനന്തപുരം നഗരസഭ

# എന്റെ നഗരം

ന്യൂസ് ലെറ്റർ

Volume: 01/Issue : 04 2023 ഏപ്രിൽ

ജനക്ഷേമ വികസനത്തിന്റെ രണ്ട് വർഷങ്ങൾ പൂർത്തിയായ വേളയിലാണ് നഗരസഭയുടെ 2023 – 24 വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. നഗരത്തിലെ എല്ലാ മേഖലകൾക്കും പ്രയോജനമാം വിധം 1640.16 കോടി രൂപ വരവും 1504.28 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന വരും വർഷത്തേക്കുള്ള ബജറ്റാണിത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഓരോ മേഖലയുടെയും സമഗ്ര വികസനം ലക്ഷ്യമിടുന്ന രീതിയിൽ വിവിധ മേഖലാ പാക്കേജുകളായാണ് ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിനുപുറമെ ഓരോ മേഖലയിലെയും ഏറ്റെടുക്കുന്ന പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമഗ്ര നഗരവികസനം ലക്ഷ്യമിട്ട് കൃത്യമായ വികസന ലക്ഷ്യങ്ങളോടെയുള്ള 2023 – 24 വാർഷിക പദ്ധതികളും പ്രഖ്യാപിച്ചു.

ഈ വർഷം നഗരസഭയെ തേടിവന്ന മറ്റൊരു സുവർണ്ണ നേട്ടമായ ആർദ്ര കേരളം പുരസ്കാരത്തിന്റെ സന്തോഷം പങ്കുവെയ്ക്കുന്നു. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലാണ് ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരമായി സംസ്ഥാന സർക്കാർ ഈ പുരസ്കാരം സമർപ്പിക്കുന്നത്. 2021 – 22 ലെ ആർദ്ര കേരളം പുരസ്കാരമാണിത്. തദ്ദേശ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക, സാന്ത്വന പരിചരണ പരിപാടികൾ, വാർഡ് തല പ്രവർത്തനങ്ങൾ നടപ്പാക്കിയ നൂതനമായ ആശയങ്ങൾ, പൊതു സ്ഥലങ്ങളിലെ മാലിന്യനിർമ്മാർജ്ജനം എന്നിവ വിലയിരുത്തിയാണ് പുരസ്കാരം ലഭിച്ചത്. നഗരസഭയുമായി കൈ കോർത്തു നിന്ന് പ്രവർത്തിച്ച കൗൺസിൽ അംഗങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തു.

തിരുവനന്തപുരം നഗരസഭ കരുതലുമായി നിലകൊണ്ട മറ്റൊരു പ്രധാന പ്രവർത്തനമായിരുന്നു മാർച്ച് 7 ന് നടന്ന ആറ്റുകാൽ പൊങ്കാല മഹോത്സവം. പൊങ്കാലയുടെ സുഗമമായ നടത്തിപ്പിനും തുടർന്നുള്ള ഏറെ വെല്ലുവിളികൾ നിറഞ്ഞ ശുചീകരണ പ്രവർത്തനങ്ങൾക്കും എല്ലാ സജ്ജീകരണങ്ങളും ക്രമീകരണങ്ങളും നടപ്പിലാക്കാൻ ചുക്കാൻ പിടിച്ചത് തിരുവനന്തപുരം നഗരസഭയാണ്. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട ആതിഥേയ നഗരം എന്ന രീതിയിൽ തിരുവനന്തപുരം നഗരവാസികളും നഗരസഭയും വളരെ സന്തോഷത്തോടുകൂടിയാണ് മറ്റു ജില്ലകളിൽ നിന്നുമുള്ള ഭക്തജനങ്ങളെ സ്വീകരിച്ചത്. പതിവ് മുന്നൊരുക്കങ്ങൾക്കു പുറമേ പൊങ്കാലയ്ക്ക് ഉപയോഗിച്ച ചുടുകല്ലുകൾ ലൈഫ് മിഷൻ പദ്ധതിയ്ക്കായി വിതരണം ചെയ്യുന്നതിന് നടപടി കൈകൊണ്ടു.

പൊങ്കാലയോടനുബന്ധിച്ച് ഇത്തവണ നഗരസഭാ സംവിധാനങ്ങൾക്ക് പുറമേ സേവനങ്ങളിൽ സഹായിച്ച വിവിധ സംഘടനകൾക്കുള്ള ആദരവും സംഘടിപ്പിച്ചു.

നഗരസഭയുടെ ഓരോ നേട്ടങ്ങൾക്കും പിന്നിലുള്ള നഗരവാസികളുടെ ഈ കരുതലും സ്നേഹവുമാണ് നഗരസഭയുടെ മുന്നോട്ടുള്ള യാത്രയിൽ പ്രചോദനമാകുന്നത്. ഇനിയും ഈ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.



**ആര്യ രാജേന്ദ്രൻ.എസ്**
മേയർ, തിരുവനന്തപുരം നഗരസഭ

## ആറ്റുകാൽ പൊങ്കാല അനുമോദനം



# റാബീസ് ഫ്രീ തിരുവനന്തപുരം പദ്ധതിയ്ക്ക് തുടക്കം






തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന **റാബീസ് ഫ്രീ** തിരുവനന്തപുരം പദ്ധതിയുടെ ഉദ്ഘാടനം മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. നഗരസഭാ പരിധിയിലെ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുക, പേവിഷ ബാധ നിയന്ത്രിക്കുക, തെരുവ് നായ്ക്കളുടെ സെൻസസ്, പേവിഷ പ്രതിരോധ പ്രവർത്തനങ്ങൾ വാക്സിനേഷൻ എന്നിവ ഏകോപിപ്പിച്ചു കൊണ്ടാണ് റാബീസ് ഫ്രീ തിരുവനന്തപുരം പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും നഗരസഭയും കംപാഷൻ ഫോർ ആനിമൽ വെൽ ഫെയർ അസോസിയേഷൻ, ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് ഹൈദ്രാബാദ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മേയർ ആര്യ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എ.കൗശിഗൻ IAS സ്വാഗതം ആശംസിച്ചു. തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറി ശർമ്മിള മേരി ജോസഫ് IAS, ഡോ. കെ. ആനന്ദ്കുമാർ, നഗരസഭ സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ ആതിര.എൽ.എസ്, എസ്.സലിം, ജിഷ ജോൺ, കൗൺസിലർ ജി.മാധവദാസ്, ഡോ. ഗോപകുമാർ. ആർ. എസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ശുചീകരണ പ്രവർത്തനങ്ങൾക്ക് 10 പുതിയ വാഹനങ്ങൾ

തിരുവനന്തപുരം നഗരസഭ ആരോഗ്യ വിഭാഗത്തിന് ഉപയോഗിക്കുന്നതിനും ആറ്റുകാൽ പൊങ്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി പുതുതായി വാങ്ങിയ 10 വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മേയർ ആര്യ രാജേന്ദ്രൻ. എസ് നഗരസഭാങ്കണത്തിൽ നിർവ്വഹിച്ചു. ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജു, നഗരസഭ സെക്രട്ടറി ബിനു ഫ്രാൻസിസ്, കൗൺസിലർ ആർ.ഉണ്ണികൃഷ്ണൻ, ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# നികുതി - അപ്പീൽകാര്യ കമ്മിറ്റിചെയർമാനായി പാളയം രാജനെ തെരഞ്ഞെടുത്തു



തിരുവനന്തപുരം നഗരസഭയുടെ നികുതി - അപ്പീൽകാര്യ കമ്മിറ്റിയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ പാളയം വാർഡ് കൗൺസിലർ പാളയം രാജനെ എതിരില്ലാതെ ചെയർമാനായി തെരഞ്ഞെടുത്തു.

# മികച്ച ജാഗ്രതാ സമിതി പുരസ്കാരം — തിരുവനന്തപുരം നഗരസഭയ്ക്ക് —




സംസ്ഥാന വനിതാ കമ്മീഷന്റെ 2021 - 22 വർഷത്തെ മികച്ച ജാഗ്രതാ സമിതി പുരസ്കാരം തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചു. കോർപ്പറേഷൻ വാർഡുകളിൽ മികച്ച രീതിയിൽ ജാഗ്രതാ സമിതി പ്രവർത്തനം നടത്തിയതിനാണ് വനിതാ കമ്മീഷന്റെ പ്രഥമ ജാഗ്രതാ സമിതി പുരസ്കാരം ലഭിച്ചത്. അയ്യൻകാളി ഹാളിൽ നടന്ന ചടങ്ങിൽ ബഹു. തദ്ദേശ സ്വയം ഭരണം - എക്സൈസ് വകുപ്പു മന്ത്രി ശ്രീ. എം. ബി രാജേഷ്, ബഹു. ആരോഗ്യം - വനിത - ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജ്ജ് എന്നിവരിൽ നിന്നും നഗരസഭ മേയർ ആര്യ രാജേന്ദ്രൻ. എസ് പുരസ്കാരം ഏറ്റു വാങ്ങി.





# തൈക്കാട് ഗവ. എച്ച്.എസ് - എൽ.പി.എസ് സ്കൂൾ — ഓഡിറ്റോറിയം ഉദ്ഘാടനം —




തിരുവനന്തപുരം നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയ തൈക്കാട് ഗവ. എച്ച്.എസ് - എൽ. പി. എസ് സ്കൂൾ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടന കർമ്മം 2023 മാർച്ച് 16 വ്യാഴാഴ്ച ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ. രാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. തൈക്കാട് കൗൺസിലർ ശ്രീ.മാധവദാസ് സ്വാഗതം ആശംസിച്ചു. നഗരപരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഊന്നൽ നൽകി മുന്നോട്ടു പോകുന്ന നഗരസഭയുടെ മറ്റൊരു വികസന പദ്ധതികൂടി സാക്ഷാത്കരിക്കുകയാണ്.

## ചരിത്രപ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല

ചരിത്രപ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല മാർച്ച് 7 ന് നടന്നു. കോവിഡ് വരുത്തിവെച്ച പ്രതിസന്ധികൾക്കിപ്പുറം 2 വർഷത്തിനുശേഷമാണ് ആറ്റുകാൽ പൊങ്കാല പൂർണ്ണതോതിൽ സംഘടിപ്പിക്കുന്നത്. പൊങ്കാലയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുന്നവർക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കി നൽകുകയുണ്ടായി. പൊങ്കാലയ്ക്ക് ശേഷമുള്ള നഗര ശുചീകരണം ഏറെ വെല്ലുവിളി നിറഞ്ഞതാണ്. ഇതിനായി നഗരസഭയുടെ 1000 തൊഴിലാളികൾക്ക് പുറമെ 1400 തൊഴിലാളികളെക്കൂടി ഏർപ്പെടുത്തി മണിക്കൂറുകൾക്കകം നഗരം ശുചീകരിച്ചു. കൂടാതെ വിവിധ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കി.












പൊങ്കാലയിടാൻ ഉപയോഗിച്ചതിന് ശേഷം ബാക്കി വരുന്ന ചുടുകല്ല് നഗരസഭ ശേഖരിച്ച് വിവിധ ഭവന നിർമ്മാണ പദ്ധതികൾ വഴി വീട് വെയ്ക്കുന്നവർക്കായി സൗജന്യമായി നൽകുന്നതാണ്. പൊങ്കാലയുമായി ബന്ധപ്പെട്ട് വഴിയോര കച്ചവടക്കാർക്കും താൽക്കാലിക കച്ചവടക്കാർക്കും ലൈസൻസ് നൽകി നിയന്ത്രണം ഏർപ്പെടുത്തി. ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് അന്നദാനം നടത്തുവാൻ താല്പര്യപ്പെടുന്നവർക്കായി സ്മാർട്ട് ട്രിവാൻഡ്രം ആപ്പ് (https://smarttvm.tmc.lsgkerala.gov.in/pongala/registration)രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ആറ്റുകാൽ പൊങ്കാലയുടെ വിജയകരമായ നടത്തിപ്പിനും കൂട്ടായ പ്രവർത്തനത്തിനും നഗരസഭ ആദരവ് നൽകി. നഗരത്തിലെ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ഭാരവാഹികൾക്കും, ശുചീകരണ തൊഴിലാളികൾക്കും ആരോഗ്യ വിഭാഗം ജീവനക്കാർക്കും നഗരസഭ മൊമന്റോ നൽകി ആദരിച്ചു. ബഹു. വിദ്യാഭ്യാസം തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻകുട്ടി, ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ്, ജില്ലാ കളക്ടർ ശ്രീ. ജെറോമിക് ജോർജ് IAS, എന്നിവർ പങ്കെടുത്തു.

## വികസന സെമിനാർ




അധികാര വികേന്ദ്രീകരണത്തിലൂടെ ജനാധിപത്യ ശാക്തീകരണവും പങ്കാളിത്ത വികസനവും സാധ്യമാക്കാനുള്ള നമ്മുടെ പരിശ്രമം ഇരുപത്തി അഞ്ച് വർഷം പിന്നിട്ടിരിക്കുകയാണ്. സാമൂഹ്യ നീതിയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് നഗരസഭയെ സാമ്പത്തിക വളർച്ചയിലേക്ക് എത്തിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023 - 24 ൽ നഗരസഭ ലക്ഷ്യമിടുന്നത്. രൂപീകരിച്ചിട്ടുള്ള 20 വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും മുൻഗണനകളുമനുസരിച്ച് തയ്യാറാക്കിയ കരട് പദ്ധതി രേഖ വികസന സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു. 2023 മാർച്ച് 19 ഞായറാഴ്ച നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് അദ്ധ്യക്ഷതയിൽ ബഹു. തദ്ദേശ സ്വയംഭരണം എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ വിശിഷ്ടാതിഥികളായി മന്ത്രിമാരായ ശ്രീ. വി.ശിവൻകുട്ടി, ശ്രീ. ആന്റണി രാജു, ശ്രീ. ജി.ആർ. അനിൽ, അഡ്വ.വി.കെ.പ്രശാന്ത് എം.എൽ.എ, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി അലക്സ് എന്നിവർ പങ്കെടുത്തു.

## ഏകദിന ഡെന്റൽ പരിശോധന ക്യാമ്പ്





ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ തിരുവനന്തപുരവും, തിരുവനന്തപുരം നഗരസഭയും ചേർന്ന് ഏകദിന ഡെന്റൽ പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. നഗരസഭ ജീവനക്കാർക്കും കൗൺസിലർമാർക്കും വേണ്ടിയാണ് ഈ സൗജന്യ ക്യാമ്പ് സംഘടിപ്പിച്ചത്. ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജു അധ്യക്ഷത വഹിച്ച ഈ ക്യാമ്പ് ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് ഉദ്ഘാടനം ചെയ്തു.





## ബജറ്റ് 2023 - 24

തിരുവനന്തപുരം നഗരസഭയുടെ 2023-24 വർഷത്തെ ബജറ്റ് മാർച്ച് 25 ന് ഡെപ്യൂട്ടി മേയർ പി.കെ.രാജു അവതരിപ്പിച്ചു. 1640.16 കോടി വരവും 1504.28 കോടി ചെലവും പ്രതീക്ഷിക്കുന്നവരും വർഷത്തേക്കുള്ള ബജറ്റാണ് അവതരിപ്പിച്ചത്. ബജറ്റിന്മേലുള്ള ചർച്ച 27, 28 തീയതികളിൽ നടന്നു. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഓരോ മേഖലയുടെയും സമഗ്രവികസനം ലക്ഷ്യമിടുന്ന രീതിയിൽ വിവിധ മേഖല പാക്കേജുകളായാണ് ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിനുപുറമെ ഓരോ മേഖലയിലെയും ഏറ്റെടുക്കുന്ന വിവിധ പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രധാന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### കാർബൺ ന്യൂട്രൽ തിരുവനന്തപുരം

(1) പദ്ധതിയുടെ ഭാഗമായി 100 ഇ- ബസ്സുകൾ അധികമായി നഗരസഭ വാങ്ങി നൽകുന്നതാണ്.
(2) കെ.എസ്.ഇ.ബി യും അനെർട്ടുമായി ചേർന്ന് നഗരത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ആദ്യഘട്ടമെന്ന നിലയിൽ പ്രധാനപ്പെട്ട അഞ്ച് സ്ഥലങ്ങളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.
(3) ആദ്യഘട്ടമെന്നുള്ള നിലയിൽ 100 ഇ-കാർട്ടുകൾ ഹരിതകർമ്മസേനയ്ക്ക് വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി വാങ്ങുന്നതാണ്. വിനോദ സഞ്ചാര പ്രോത്സാഹനത്തിനുമായി പബ്ലിക് സൈക്കിൾ ഷെയറിംഗ് സിസ്റ്റം കൊണ്ടുവരുന്നതാണ്.
(4) നഗരത്തിലെ പ്രധാന കെട്ടിടങ്ങളെല്ലാം തന്നെ സോളാർ എനർജിയിലേയ്ക്ക് കൊണ്ടുവരുന്നതാണ്.
(5) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പരമാവധി ലോ കാർബൺ എമിഷൻ ടെക്നോളജി ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യകൾ പകർന്ന് കൊടുക്കുന്നതിന് സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് അത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുകയും ഗ്രീൻ സർട്ടിഫിക്കേഷൻ ഉള്ള കെട്ടിടങ്ങൾക്ക് 10% നികുതി ഇളവ് നൽകുന്നതുമാണ്. കാർബൺ, ന്യൂട്രൺ പ്രവർത്തനങ്ങൾക്കായി വാർഷിക ബജറ്റിൽ 34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### മാലിന്യപരിപാലനം

1) 2023-24 സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞത് ഒരുലക്ഷം വീടുകളിലെങ്കിലും ബയോ /കിച്ചൺ ബിൻ സ്ഥാപിക്കുന്നതാണ്.
2) തുമ്പൂർ മൂഴികളുടെ എണ്ണം നിലവിലുള്ളതിൽ നിന്നും ഏറ്റവും കുറഞ്ഞത് 100 എണ്ണമെങ്കിലും അധികമായി സ്ഥാപിക്കുന്നതാണ്.
3) ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം, ഹരിതകർമ്മ സേനയുടെ പ്രവർത്തന ശേഷി ഏറ്റവും കുറഞ്ഞത് 80% വീടുകളിലെങ്കിലും നടപ്പു സാമ്പത്തിക വർഷം ലഭ്യമാക്കുന്നതാണ്.
4) ഇനോക്കുലം എത്തിക്കുന്നതിനും കിച്ചൺ ബിന്നിന്റെ പ്രവർത്തനം പരിശോധിച്ച് ആവശ്യമായ സാങ്കേതിക സഹായം കൊടുക്കുന്നതിന് ഹരിത കർമ്മ സേനാ അംഗങ്ങളെ പരിശീലനം നൽകി Green Technician മാരാക്കി പ്രാപ്തരാക്കുന്നതാണ്.
5) എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ രൂപീകരിക്കുന്നതാണ്.
6) നഗരത്തിലെ വിവിധ ജലാശയങ്ങളിലേയ്ക്ക് ഒഴുകിവരുന്ന അജൈവ മാലിന്യങ്ങൾ തടയുന്നതിനായി പത്തിടങ്ങളിൽ ട്രാഷ് ബൂം (Trash Boom) സ്ഥാപിക്കുന്നതാണ്.
7) ഉറവിട മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനും വാർഡുതലത്തിലുള്ള കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും എന്റെ നഗരം സുന്ദരം നഗരം രണ്ടാം ഘട്ട ജനകീയ പ്രചരണ പരിപാടി ഏറ്റെടുക്കുന്നതാണ്.
8) ഏറ്റവും മികച്ച രീതിയിൽ ഉറവിട മാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്ന സ്കൂളുകൾ, കോളേജുകൾ, ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് നഗരസഭ പ്രത്യേക പ്രോത്സാഹന സമ്മാനമായി മേയേഴ്സ് അവാർഡ് ഏർപ്പെടുത്തുന്നതാണ്.

## ആരോഗ്യമേഖല

ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി 66.36 കോടി രൂപയുടെ പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചു.

## സംരംഭകത്വ സൗഹൃദനഗരം

നടപ്പുസാമ്പത്തിക വർഷം പുതുതായി ഏറ്റവും കുറഞ്ഞത് 3,000 സംരംഭകരെങ്കിലും പ്രസ്തുത മേഖലയിലേയ്ക്ക് കൊണ്ടുവരികയും അതുവഴി 5,000 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാർഷിക മൃഗസംരക്ഷണ മേഖല

(1) നിലവിൽ 7,467 ഹെക്ടർ സ്ഥലം കാർഷിക മേഖലയായി കണക്കാക്കിയിട്ടുണ്ട്. അടുത്ത 3 വർഷത്തിനുള്ളിൽ ആയതിന്റെ അളവ് 7,843 ഹെക്ടറായി വർദ്ധിപ്പിക്കുന്നതാണ്.
(2) നിലവിൽ 43 ഹെക്ടർ സ്ഥലം നെൽപാടമായി നെൽകൃഷി ചെയ്യുന്നുണ്ട്. അടുത്ത 3 വർഷത്തിനുള്ളിൽ ആയത് 80 ഹെക്ടറാക്കി മാറ്റുന്നതാണ്. നിലവിൽ 97 ടൺ നെല്ലാണ് ഉൽപ്പാദിപ്പിക്കുന്നത്. ആയത് അടുത്ത 3 വർഷത്തിനുള്ളിൽ 225 ടൺ ആക്കി മാറ്റുന്നതാണ്.

## പാർപ്പിടം

അടുത്ത വർഷം ഭവന നിർമ്മാണ മേഖലയിൽ വലിയ ഒരു കുതിച്ചുചാട്ടത്തിനാണ് നഗരസഭ ലക്ഷ്യമിടുന്നത്. ഇതിനായി വാർഷിക ബജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചേരി വികസന പദ്ധതികൾക്കായി 35 കോടി രൂപയും ഭവന നിർമ്മാണ പദ്ധതികൾക്കായി 165 കോടി രൂപയും നീക്കി വെച്ചു.

## സദ്ഭരണം

ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും നഗരസഭയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും ഒരു ഓൺ ലൈൻ ഫീഡ് ബാക്ക് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## മത്സ്യമേഖല

തീരദേശമേഖലയിലെ സമഗ്രവികസനത്തിനായി 33 കോടി രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തി.

## പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതി മേഖലയുടെ വികസനം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി 22 കോടി രൂപ വകയിരുത്തി.

## പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി 78 കോടി രൂപ പ്രത്യേക പാക്കേജായി വകയിരുത്തിയിട്ടുണ്ട്. ഈ പാക്കേജിൽ 25 കോടി രൂപ വനിതകൾക്കായും 8.35 കോടി രൂപ യുവജനക്ഷേമത്തിനായും 10.38 കോടി രൂപ ഭിന്നശേഷി പ്രവർത്തനങ്ങൾക്കും ഉൾപ്പെടുന്നു. അടുത്ത വർഷത്തെ ബജറ്റ് രൂപീകരണത്തോടൊപ്പം ജൻഡർ ബജറ്റ് ഡോക്യുമെന്റും നഗരസഭ പുറത്തിറക്കുന്നതാണ്.

## കുടിവെള്ളം

1) പുതുതായി 25000 പേർക്ക് ശുദ്ധജല കണക്ഷനുകൾ നൽകണം.
2) പുതുതായി 50 KM പുതിയ വിതരണ ശൃംഖല നിർമ്മിക്കുന്നതാണ്. നഗരത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി വാർഷിക ബജറ്റിൽ 62 കോടി രൂപ വകയിരുത്തി.

## മറ്റ് പ്രധാന നിർദ്ദേശങ്ങൾ

- സമാധാന നഗരം പദ്ധതി
- പേ വിഷ വിമുക്ത അനന്തപുരി
- തെരുവുവിളക്കുകൾ പൂർണമായും LED ലേയ്ക്ക് മാറ്റുന്നതാണ്
- പൊതുജനങ്ങൾക്കായി എപ്പോഴും വിളിക്കാവുന്ന തരത്തിൽ 4 നമ്പരുകൾ ലഭ്യമാക്കുന്നതാണ്.
- പൊതുജനങ്ങളുടെ കാൾ സ്വീകരിക്കുന്നതിനായി പകൽ 12 മണിക്കൂർ സമയത്തും സേവനം
- സജ്ജരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്. ഇതിനായി 4 അധിക ജീവനക്കാരെ നിയമിക്കുന്നതാണ്.
- അടുത്ത 7 വർഷം കൊണ്ട് 100 വാർഡുകളിലും 100% സിവറേജ് കണക്ഷൻ നൽകുന്നതാണ്.

## ഇ-കാർട്ടുകളുടെ ഫ്ളാഗ് ഓഫ്

തിരുവനന്തപുരം നഗരസഭയ്ക്ക് കുടുംബശ്രീ 25-ാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് ഐ.സി.ഐ.സി.ഐ ബാങ്കിന്റെ സി.എസ്.ആർ ഫണ്ട് മുഖേന അനുവദിച്ച അഞ്ച് ഇ - കാർട്ടുകളുടെ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. നഗരസഭയുടെ ഹരിത കർമ്മസേനയ്ക്ക് ഇവ കൈമാറുന്നതാണ്. ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജു അദ്ധ്യക്ഷത വഹിച്ച ഈ പരിപാടി ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് ഉദ്ഘാടനം ചെയ്തു. നഗരസഭ ഉദ്യോഗസ്ഥരും, ഹരിത കർമ്മ സേനയും ഈ പരിപാടിയിൽ പങ്കെടുത്തു.







മുട്ടട വാർഡ് കൗൺസിലറായിരുന്ന റ്റി.പി.റിനോയ് അന്തരിച്ചു. വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന യുവ നേതാവായിരുന്നു അദ്ദേഹം. നഗരസഭാ പ്രവർത്തനങ്ങളിൽ എപ്പോഴും മുൻപന്തിയിൽ നിൽക്കുകയും, വാർഡിന്റെ വികസനത്തിനും, ജനങ്ങളുടെ ക്ഷേമത്തിനുമായി അക്ഷീണം പ്രവർത്തിച്ച അദ്ദേഹത്തിന്റെ വിയോഗത്തിൽ കൗൺസിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.






***എഡിറ്റോറിയൽ കമ്മിറ്റി***

***ചീഫ് എഡിറ്റർ :*** **ആര്യ രാജേന്ദ്രൻ.എസ്** (മേയർ)
***എഡിറ്റർ :*** **ബിനു ഫ്രാൻസിസ്** (നഗരസഭ സെക്രട്ടറി)

***എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾ***

**ശ്രീ.പി.കെ.രാജു**
(ബഹു. ഡെപ്യൂട്ടി മേയർ)

**കുമാരി. ആതിര.എൽ.എസ്**
(ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ശ്രീ. എസ്.സലിം**
(ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ശ്രീമതി. പി.ജമീല ശ്രീധരൻ**
(ചെയർപേഴ്സൺ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ശ്രീ. മേടയിൽ വിക്രമൻ**
(ചെയർമാൻ, മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ശ്രീ. പാളയം രാജൻ**
(ചെയർമാൻ, നികുതി – അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ശ്രീമതി. ജിഷ ജോൺ**
(ചെയർപേഴ്സൺ, നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി)

**ഡോ. റീന.കെ.എസ്**
(ചെയർപേഴ്സൺ, വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**ഡോ.സി.അനിൽകുമാർ**
(പി.എ.ടു.മേയർ)

Designing & Printed at: RC Corporation of Thiruvananthapuram